PAN/6169/2021-B1(DP) **<u>വളരെ അടിയന്തിരം</u>**

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**പബ്ലിക് ഓഫീസ് പി ഓ , 695033 ,**
**തിരുവനന്തപുരം**
**crbdkerala@gmail.com**
**0471-2786309** **തീയതി : 21/05/2021**

**ജനന മരണ ചീഫ് രജിസ്ട്രാർ**

എല്ലാ ജനനമരണ തദ്ദേശ രജിസ്ട്രാർമാർക്കും
എല്ലാ ജനന മരണ ജില്ലാ രജിസ്ട്രാർമാർക്കും
സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ് -കോവിഡ് 19 പശ്ചാത്തലത്തിൽ ജനന മരണങ്ങൾ യഥാസമയം രജിസ്ട്രേഷൻ നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ 14.05.2021 ലെ F.No. R-18/18/2020 - PRP&P(RU-1) നമ്പർ കത്ത്.
2. രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ F.No. 11/4/2020-VS-CRS നമ്പർ കത്ത്.
3. ബഹു.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മീറ്റിംഗിലെ തീരുമാനം.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു . കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ജനന മരണങ്ങൾ യഥാസമയം രജിസ്ട്രേഷൻ നടത്താതെ ധാരാളമായി പെൻറിംഗ് ഉള്ളതായി കാണുന്നു. ജനന മരണങ്ങൾ 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യണമെന്ന് 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം ജനന മരണങ്ങൾ യഥാസമയം രജിസ്ട്രേഷൻ നടത്താത്തത് ജനനമരണ രജിസ്ട്രേഷൻ ആക്ട് 1969 ന്റെ ലംഘനമാണെന്നും , ഇത് മൂലം പൊതുജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായും, മരണ രജിസ്ട്രേഷൻ യഥാസമയം നടത്താത് മരണപ്പെട്ട ആളോട് കാണിക്കുന്ന നീതി നിഷേധവും ,അനാദരവുമാണെന്നും ദേശീയ മനുഷ്യാവകാശ കമ്മീഷൻ അഭിപ്രായപ്പെടുകയും, ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശ പ്രകാരം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയിൽ നിന്നും സൂചന 2 പ്രകാരം കത്ത് ലഭിച്ച സാഹചര്യത്തിൽ മരണ രജിസ്ട്രേഷനുകളിൽ കോവിഡ് 19 മൂലം മരണപ്പെട്ടതാണെങ്കിൽ ആയത് പ്രത്യേകം രേഖപ്പെടുത്തി നാളിതുവരെ രജിസ്ട്രേഷൻ യൂണിറ്റുകളിൽ ലഭിച്ചിട്ടുള്ള മുഴുവൻ ജനന മരണ റിപ്പോർട്ടുകളും പ്രത്യേകിച്ച് മരണ റിപ്പോർട്ടുകൾ സെക്ഷൻ ക്ലാർക്കിന് നിർദ്ദേശം നൽകി സെക്ഷൻ ക്ലാർക്കിന്റെ അഭാവത്തിൽ പ്രത്യേക ആളെ ചുമതലപ്പെടുത്തി 3 ദിവസത്തിനകം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണെന്ന് എല്ലാ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകുന്നു.

മേൽകാര്യം യഥാസമയം പൂർത്തീകരിച്ചിട്ടുണ്ടെന്ന് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരെ കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പാക്കി എല്ലാ ജില്ലാ രജിസ്ട്രാർമാരും ഒരു സാക്ഷ്യപത്രം 25/5/2021 ന് 5 മണിക്കകം സമർപ്പിക്കേണ്ടതാണെന്ന്

നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

RAMANKUTTY.M
CHIEF REGISTRAR

Signature Not Verified

Digitally signed by
RAMANKUTTY M
Date: 2021.05.21 08:55:45 IST
Reason: Approved